**നഹ്യന്യോ ജൂഷതോ ജോഷ്യാൻ ബുദ്ധിഭ്രംശോ രജോഗുണ:**
**ശ്രീമദാദാഭിജാത്യാദിര്യത്ര സ്ത്രീ ദ്യൂതമാസവ: (10-10-8)**
**ഹന്യന്തേ പശവോ യത്ര നിർദ്ദയൈരജിതാത്മഭി:**
**മന്യ മാനൈരിമം ദേഹമജരാമൃത്യം നശ്വരം (10-10-9)**
**ആസത: ശ്രീമദാന്ധസ്യ ദാരിദ്ര്യം പരമഞ്ജനം**
**ആത്മൗപമ്യേന ഭൂതാനി ദരിദ്ര: പരമീക്ഷതേ (10-10-13)**
**വാണീഗുണാനുകഥനേ ശ്രവണൌ കഥായാം**
**ഹസ്തൌ ച കർമ്മസു മനസ്തവ പാദയോർന്ന:**
**സ്മൃത്യാം ശിരസ്തവ നിവാസജഗത് പ്രണാമേ**
**ദൃഷ്ടി: സതാം ദർശനേƒസ്തു ഭവത്തനൂനാം (10-10-38)**

*ശുകമുനി തുടർന്നു:*
ഉരൽ പിന്നിൽ കെട്ടി വലിച്ചു കൊണ്ട് കൃഷ്ണൻ രണ്ടു കുബേരപുത്രൻമാരെ മോചിപ്പിച്ചു. അവർ നാരദശാപം മൂലം രണ്ടു മരങ്ങളായി നിൽക്കുകയായിരുന്നു. ഒരിക്കൽ ഈ രണ്ട് ഗന്ധർവ്വൻമാരും ആകാശനദിയിൽ അപ്സരസ്സുകളുമായി ജലക്രീഢ നടത്തുകയായിരുന്നു. എല്ലാവരും നഗ്നർ. നാരദൻ അതുവഴി വന്നപ്പോൾ അപ്സരസ്സുകൾ നാണം മറച്ചു. എന്നാൽ മദോൻമത്തരായിരുന്ന കുബേരപുത്രൻമാർ നാണം മറയ്ക്കാതെ നിന്നു. അവരുടെ പ്രതാപത്തിൽ അഹങ്കരിക്കുകയും ചെയ്തു.

നാരദൻ ആലോചിച്ചു: സമ്പത്തിനെയും പാരമ്പര്യത്തിനെയും പറ്റിയുള്ള അഭിമാനം ബുദ്ധിഭ്രമമുണ്ടാക്കുന്നു. അങ്ങിനെയുള്ളവർ എപ്പോഴും സ്ത്രീ മദ്യം ചൂതുകളി ഇവയുമായി ചേർന്നിരിക്കുന്നു. ഇങ്ങിനെ അഹങ്കാരിയായവർ തന്റെ ശരീരം ജരാനരകൾക്കതീതമാണെന്ന ഭാവത്തിൽ മൃഗങ്ങളെ കൊല്ലുന്നു. ഇങ്ങിനെയുള്ള അഹങ്കാരം വച്ചു പുലർത്തുന്നതിലും വലിയ വങ്കത്തം എന്താണുള്ളത്? ഇങ്ങിനെ അഹങ്കാരത്തിന്റെ ആന്ധ്യം ബാധിച്ചവന് ദാരിദ്ര്യമാണ് നല്ലൊരു മറുമരുന്ന്. കാരണം പാവപ്പെട്ടവൻ മറ്റുള്ളവരെ അവന്റെതന്നെ ആത്മാവെന്ന് കരുതി മറ്റുള്ളവരുടെ ദു:ഖങ്ങൾ മനസ്സിലാക്കുന്നു. പാവപ്പെട്ടവന്റെ തിക്താനുഭവജീവിതം തന്നെ ഒരു തപസ്സുപോലെ അവന്റെ കർമ്മാനുഭവങ്ങളെ ഇല്ലാതാക്കുന്നു. മഹാത്മാക്കളുടെ സത്സംഗത്താൽ അവൻ ഭക്തി വളർത്തി ഭഗവാന്റെ താമരപ്പാദങ്ങൾ പൂകുന്നു. അങ്ങിനെ വിചാരിച്ച് കുബേരപുത്രൻമാരെ അവരുടെതന്നെ അഹങ്കാരത്തിൽ നിന്ന് രക്ഷിക്കാനായി നാരദൻ അവരെ ശപിച്ചു. രണ്ടു മരങ്ങളായി ദേഹം മറയ്ക്കേണ്ട ആവശ്യമില്ലാത്ത ശരീരത്തോടെ അവരങ്ങിനെ ചേർന്നു നിന്നു. ആ അവസ്ഥയിലും ഭഗവൽചിന്ത അവർക്കുണ്ടാകുമെന്ന് നാരദൻ അനുഗ്രഹവും നൽകി. ഭഗവാൻ എപ്പോൾ അവർക്കരികിൽ വരുന്നുവോ അപ്പോൾ പാപമോചനം കിട്ടുമെന്നും അവരെ അറിയിച്ചു.

ഭഗവാൻ കൃഷ്ണന് ഇതറിയാമായിരുന്നു. ഭക്തനാരദന്റെ വാക്കുകൾ പാഴാവുക വയ്യ. ഉരലുമുരുട്ടി ഈ രണ്ടു മരങ്ങൾക്കിടയിലൂടെ കൃഷ്ണൻ നടന്നു. മുന്നോട്ടു നടന്നപ്പോൾ ഉരൽ മരങ്ങൾക്കിടയിൽ കുടുങ്ങി. ശക്തിയോടെ ഒന്നു വലിച്ചപ്പോൾ മരങ്ങൾ കടപുഴകി മറിഞ്ഞുവീണു. രണ്ടു തേജസ്വികൾ പുറത്തു വന്നു. അവർ ഇങ്ങിനെ പ്രാർത്ഥിച്ചു: കൃഷ്ണാ അവിടുന്ന് തന്നെ പരംപൊരുളും പുരുഷനും പ്രകൃതിയും എല്ലാം. അവിടുന്ന് സമ്പൂർണ്ണാവതാരമെടുത്ത് മനുഷ്യർക്ക് ഐശ്വര്യവും മുക്തിയും പ്രദാനം ചെയ്യുന്നു. നാരദമുനിയുടെ കൃപയാലാണ് ഞങ്ങൾക്ക് അവിടുത്തെ ദർശനമുണ്ടായത്. ഞങ്ങളുടെ വാക്കുകളെല്ലാം അവിടുത്തെ മഹിമാകിർത്തനങ്ങളാകട്ടെ. ഞങ്ങൾ കേൾക്കുന്നതെല്ലാം അവിടുത്തെ മഹിമകളാവട്ടെ. ഞങ്ങളുടെ മനസ്സ് അവിടുത്തെ പാദാരവിന്ദങ്ങളിലുറച്ചിടട്ടെ. കൈകാലുകൾ അവിടത്തെ സേവിക്കാനാവട്ടെ. ഞങ്ങളുടെ തല എല്ലാ ജീവജാലങ്ങളിലുമുള്ള അവിടുത്തെ സ്ഥാനത്തെ നമിക്കട്ടെ. ഞങ്ങൾ കാണുന്നതെല്ലാം. അവിടുത്തെ തന്നെ പ്രകടിതരൂപങ്ങളായ മഹാത്മാക്കളെ മാത്രമാവട്ടെ എന്നു പ്രാർത്ഥിച്ച് കൃഷ്ണനെ വീണ്ടും വണങ്ങി അവർ അപ്രത്യക്ഷരായി.